(സി) കുന്നംകുളം സ്റ്റേഷന്റെ പ്രവർത്തനമേഖല വിഭജിച്ച് പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-ൽ 1892 കേസ്സുകളും 2012-ൽ 2620 കേസ്സുകളും 2013-ൽ 2830 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2011-ൽ 1316 കേസ്സുകളിലും 2012-ൽ 1943 കേസ്സുകളിലും 2013-ൽ 2525 കേസ്സുകളിലും അന്വേഷണം നടത്തി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഒരു മുൻഗണനാലിസ്റ്റ് ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പ്രസ്തുത പഠനശേഷം മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

പത്രപ്രവർത്തകർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ

163 (6312) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പത്രപ്രവർത്തകർക്കെതിരെനടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പ്രത്യേകം അന്വേഷണം നടത്തുന്നില്ല.

ജയപ്രസാദിനും നാരായണൻ നായർക്കുമെതിരെയുള്ള കേസ്സുകൾ

164 (6313) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽവച്ച് മുഖ്യമന്ത്രിയെ കരിങ്കൊടികാണിച്ച ജയപ്രസാദിനോടും 2014 ഫെബ്രുവരിയിൽ വടകരയിൽ ദേശീയപാത സ്ഥലമെടുപ്പിനെതിരെ പ്രതിഷേധിച്ച നാരായണൻ നായരോടും പോലീസുകാർ അതിക്രമംകാണിച്ച സംഭവങ്ങളിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം തുടർ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly